റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക

159 [239] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പ് റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി മാത്രം ഈ വർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തികവർഷത്തിൽ ഏതെല്ലാം റോഡുകളാണ് ഗവൺമെന്റ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) റോഡുകൾ ഏറ്റെടുക്കുമ്പോൾ മലയോര പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ആ പ്രദേശങ്ങളിലൂടെയുള്ള റോഡുകൾക്ക് മുൻഗണന നൽകുമോ?

ഉത്തരം

(എ) പതിനൊന്ന് ബി. ആർ. ആർ. ഡിവിഷനുകൾക്കും കൂടെ 3,98,00,350 രൂപ. മേജർ പാലങ്ങളുടെ പണി നടത്തുന്ന സ്പെഷ്യൽ ഡിവിഷനുകളുടെ തുക ഇതിൽ ഉൾപ്പെടുത്തുന്നില്ല.

(ബി) തിരുവനന്തപുരം 33.9 ലക്ഷം

കൊല്ലം	49,35,550 രൂപ
ആലപ്പുഴ	31,48,900 ,,
എറണാകുളം	28,47,400 ,,
കോട്ടയം	69,99,000 ,,
ഇടുക്കി	46,00,000 ,,
തൃശ്ശൂർ	20,44,600 ,,
പാലക്കാട്	21,63,300 ,,
കോഴിക്കോട്	40,01,100 ,,
മലപ്പുറം	21,69,200 ,,
കണ്ണൂർ	35,01,300 ,,

(സി) ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കു വിധേയമായി സാമ്പത്തിക ലഭ്യതയ്ക്കനുസരണമായി 400 കി. മീറ്റർ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) മുൻഗണന നൽകാറുണ്ട്.

പെരുമ്പുഴക്കടവു പാലം

160 [242] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി സബ് ഡിവിഷനിൽ പെരുമ്പുഴക്കടവിൽ ആരംഭിച്ച പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാലത്തിന്റെ പണി ആരംഭിച്ചിട്ട് എത്ര കാലമായി;

(സി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പാലത്തിന്റെ പണി പൂർത്തിയായിട്ടില്ല.

(ബി) ഇതിന്റെ പണി ആരംഭിച്ചിട്ട് ഏതാണ്ട് 3 വർഷമായി.

(സി) ഇതിന്റെ പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ആലപ്പുഴ–ചങ്ങനാശ്ശേരി റോഡിലെ പാലങ്ങൾ

161 [243] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി–ആലപ്പുഴ റോഡിലെ മൂന്ന് പാലങ്ങളുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു;

(ബി) പ്രസ്തുത റോഡിലെ അപ്രോച്ച് റോഡിന്റെ തകരാറുമൂലം സഞ്ചാരയോഗ്യമല്ലാത്ത പാലത്തിന്റെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പാലങ്ങളുടെ പണി 31–12–1980-നുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുവാനുള്ള നിർദ്ദേശം പരിഗണനയിലിരിക്കുകയാണ്.

ചങ്ങനാശ്ശേരി–വെട്ടിത്തുരുത്ത് പറാൽ പാലം

162 [244] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിൽ പട്ടണവും പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന (ആസ്മാപ്പാലം) ചങ്ങനാശ്ശേരി വെട്ടിത്തുരുത്ത് പറാൽ പാലം പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി ആരംഭിക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടുള്ള പ്രസ്തുത പാലത്തിന്റെ പണിയുടെ കാലതാമസത്തിന് കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly